കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,

ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

S001.AVA04/272/2024-ADM-KSRTC-HQ തീയതി : 15.10.2024

## മെമ്മോറാണ്ടം

വിഷയം : കെ.എസ്.ആർ.ടി.സിയിലെ അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ) തസ്തികയിൽ താത്കാലിക ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-

കെ.എസ്.ആർ.ടി.സിയിൽ താത്കാലിക ഒഴിവുകളിലേക്ക് സേവനം അനുഷ്ഠിയ്ക്കാൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ) തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിയ്ക്കുന്നു. കെ.എസ്.ആർ.റ്റി.സി സർവ്വീസുകളിൽ താൽകാലിക ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ 08-09-2019 ലെ Special Leave Appeal No. 1011/2019 വിധിയുടെ അടിസ്ഥാനത്തിൽ താല്ക്കാലിക ഒഴിവുകൾ നികത്തുന്നതിനും വിധേയമായിട്ടുമായിരിക്കും നിലവിൽ താൽകാലിക അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ) ജീവനക്കാരെ നിയോഗിക്കുന്നത്.

കെ.എസ്.ആർ.ടി.സി നിഷ്കർഷിയ്ക്കുന്ന സേവന വ്യവസ്ഥകൾ അംഗീകരിയ്ക്കുന്നതിന് സമ്മതമുള്ളവർ മാത്രം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷകരിൽ നിന്നും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതും കെ.എസ്.ആർ.റ്റി.സി യിലെ വിവിധ ഡിപ്പോകൾ /സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളിൽഉണ്ടാകുന്ന താൽക്കാലിക ഒഴിവിലേക്ക് ടി സെലക്ട് ലിസ്റ്റിൽ നിന്നും താൽകാലിക ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്.

കെ.എസ്.ആർ.റ്റി.സി നിഷ്കർഷിക്കുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുന്നതിന് കരാറിൽ ഏർപ്പെടുന്നവരെ മാത്രമായിരിക്കും ജോലിക്ക് നിയോഗിക്കുന്നത്. കരാറിന് പുറമേ 10,000/- (പതിനായിരം) രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്. ടി തുക ജീവനക്കാരൻ താൽക്കാലിക സേവനത്തിൽ ഉള്ളിടത്തോളം കാലം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നിലനിർത്തുന്നതാണ്. ടിയാൻ

സ്വയം പിരിഞ്ഞ് പോകുകയോ 60 വയസ് പൂർത്തീകരിച്ച് താൽകാലിക സേവനത്തിൽ നിന്നും വിടുതൽ ചെയ്യപ്പെടുകയോ ചെയ്യുന്ന മുറയ്ക്ക് ടി തുക തിരികെ നൽകുന്നതാണ്. പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ കാലാവധി സെലക്ട് ലിസ്റ്റ് നിലവിൽ വന്നതുമുതൽ ഒരു വർഷക്കാലത്തേയ്ക്ക് മാത്രമായിരിക്കും.

1. <u>യോഗ്യതകളും പ്രവർത്തി പരിചയവും (നിർബന്ധം)</u>

   a. ആട്ടോ മൊബൈൽ / മെക്കാനിക്കൽ / മെക്കാനിക്കൽ ആട്ടോ മൊബൈലിൽ ബി.ടെക് ബിരുദം.
   b. നിർദ്ദിഷ്ട യോഗ്യതയ്ക്ക് ശേഷം LMV / ഹെവി വാഹനങ്ങളുടെ ഡീലർ ഷിപ്പിലോ, സർക്കാർ സ്ഥാപനത്തിലോ കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.
   c. പ്രായം: അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിൽ 45 വയസ്സ് അധികരിക്കാൻ പാടില്ല.
   d. No.of Post – 25
   e. കാലാവധി : Likely to Continue beyond one year according to performance.

2. <u>അഭിലഷണീയ യോഗ്യതയും പ്രവർത്തി പരിചയവും</u>

   a. ഹെവി ഡ്യൂട്ടി വാഹനങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള അറിവും ECU Controlled BSIV, BSVI, Scania/Volvo ഇലക്ട്രിക് ബസ്സുകളുടെ അറ്റകുറ്റപണികൾ ചെയ്യുള്ള പരിചയം.
   b. ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ് / മെക്കട്രോണിക്സ്-ൽ സർട്ടിഫിക്കറ്റ് കോഴ്സ് / പ്രായോഗിക പരിചയം.
   c. ഉദ്യോഗാർത്ഥി 1988 പ്രകാരമുള്ള ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് നേടിയിട്ടുള്ളവർ.

മേൽ പ്രതിപാദിച്ചവ അധിക യോഗ്യതയായി കണക്കാക്കും

3. തിരഞ്ഞെടുപ്പ് പ്രക്രിയ

ദിവസ വേതനത്തിന് ജോലി നിർവഹിക്കുവാൻ സന്നദ്ധരായ യോഗ്യത ഉള്ളവർ അനുബന്ധം (1) പ്രകാരമുള്ള മാതൃകയിൽ ബന്ധപ്പെട്ട സെൻട്രൽ / റിജീയണൽ വർക്ക്ഷോപ്പ് അധികാരികൾക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സൂഷ്മ പരിശോധന നടത്തി ചുരുക്ക പട്ടിക തയ്യാറാക്കിയതിൽ ഉൾപ്പെട്ടിട്ടുള്ളവർ താഴെ പറയുന്ന പ്രക്രിയകൾ പൂർത്തീകരിക്കേണ്ടതാണ് :

a. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ) തസ്തികയിൽ അപേക്ഷിക്കുന്നവർ ടി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന അഭിമുഖം പാസ്സായിരിക്കണം.
b. പൊതു താൽപര്യങ്ങൾക്ക് അനുസൃതമായി മാനേജ്മെന്റ് കാലാകാലങ്ങളിൽ ടി നിയമനം സംബന്ധിച്ച് ഭേദഗതി വരുത്തുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.
c. KSRTC ൽ നിയമിതരാകുന്നവർ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന സേവന വേതന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കണം, ആയതിനായി 200രൂപ മുദ്രപത്രത്തിൽ KSRTC മായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.
d. തേരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ KSRTC യുമായി നിർദ്ദിഷ്ട കരാറിൽ ഏർപ്പെടുന്നതിനൊപ്പം പലിശയില്ലാത്ത റീഫണ്ട് ചെയ്യുന്ന കരുതൽ നിക്ഷേപമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പേരിൽ എടുത്ത 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സമർപ്പിക്കേണ്ടതാണ്.

4. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി

അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ തുടങ്ങിയവ ഉൾപ്പെടുത്തി **25.10.2024 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി** അനുബന്ധം (1) ലെ നിശ്ചിത പ്രോഫോർമയിൽ ബന്ധപ്പെട്ട സെൻട്രൽ / റിജീയണൽ വർക്ക്ഷോപ്പ് അധികാരികൾക്ക് സീൽ ചെയ്ത കവറിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുകൾ ഭാഗത്ത് താൽകാലിക അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ)

എന്ന് രേഖപ്പെടുത്തിയിരിക്കണം. പേരും മേൽ വിലാസവും മൊബൈൽ ഫോൺ നമ്പരും ഇടതു വശത്ത് രേഖപ്പെടുത്തിയിരിക്കണം.

വിലാസം :- സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പ് അധികാരികൾക്ക് ................................ ............................................ യൂണിറ്റ്, കെ.എസ്.ആർ.റ്റി.സി.

വർക്ക്ഷോപ്പുകളിൽ ലഭ്യമായ അപേക്ഷകൾ 26.10.2024-ന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ചുവടെപ്പറയുന്ന സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**5. സെലക്ഷൻ കമ്മിറ്റി**

1. മെക്കാനിക്കൽ എഞ്ചിനീയർ (ചീഫ് ഓഫീസ്)
2. വർക്ക്ഷോപ്പ് അധികാരികൾ
3. ഹെഡ് ക്വാർട്ടേഴ്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള പ്രതിനിധി
5. മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള പ്രതിനിധി

ഉദ്യോഗാർത്ഥികളുടെ അഭിമുഖം 30.10.2024-നകം പൂർത്തികരിക്കേണ്ടതും തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ( PDF & EXCEL Format)ചീഫ് ഓഫീസ് അംഗീകാരത്തിനായി 02.11.2024-നകം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡ്മിനിസ്ട്രേഷൻ വിഭാഗം-ന് ലഭ്യമാക്കേണ്ടതാണ്.

**6. വേതന വ്യവസ്ഥകൾ** :

ദിവസ വേതനം : ദിവസ വേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് Rs. 1200/- per day (Max: upto 35000/- per month ആയിരിക്കും ലഭിക്കുന്നത്.

7. സേവന വ്യവസ്ഥകൾ :

1. ഡ്യൂട്ടി സമ്പ്രദായം / വേതനം / ഭരണപരമായ തീരുമാനങ്ങൾ മുതലായവ സംബന്ധിച്ച് KSRTC നിർണ്ണയിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം ജോലി ചെയ്യേണ്ടതാണ്. ജോലിക്ക് നിയോഗിക്കപ്പെടുന്നവർ Factories Act 1948 & the Kerala Factories Rule 1957 പ്രകാരം ഡ്യൂട്ടി ചെയ്യാൻ ബാധ്യസ്ഥർ ആയിരിക്കും.
2. നൈറ്റ് ഷിഫ്റ്റ് ഉൾപ്പെടുന്ന ഷിഫ്റ്റ് ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കേണ്ടതാണ്.
3. കേവല കാരണങ്ങൾ പറഞ്ഞുകൊണ്ട് അവധി അപേക്ഷിക്കുക, നിസ്സാര കാരണങ്ങളാൽ ജോലിയ്ക്ക് ഹാജരാകാതിരിക്കുക/ യഥാസമയം ഹാജരാകാത്ത പക്ഷം, കെ.എസ്.ആർ.ടി.സി യ്ക്ക് ഉണ്ടാകുന്ന നഷ്ടത്തിയുള്ള പൂർണ്ണ ഉത്തരവാദിത്വം ടി ജീവനക്കാരനായിരിക്കും

8. മറ്റ് വ്യവസ്ഥകൾ

- ഷിഫ്റ്റ് ഡ്യൂട്ടിയിൽ തുടർച്ചയായ 8 മണിക്കൂർ ജോലി ചെയ്യുവാൻ ആവശ്യമായ ആരോഗ്യം ഉണ്ടായിരിക്കണം. സിവിൽ സർജൻ റാങ്കിൽ കുറയാത്ത സർക്കാർ ഡോക്ടറിൽ നിന്നും ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതല്ല

- തിരഞ്ഞെടുക്കപ്പെടുന്ന സാഹചര്യത്തിൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ (ആട്ടോ) സെലക്റ്റ് ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കി ഒരു പൊതു സെലക്റ്റ് ലിസ്റ്റ് **05-11-2024** തീയതിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

- സെലക്റ്റ് ലിസ്റ്റിൽ ഉള്ള മുഴുവൻ പേർക്കും ദിവസവേതനത്തിൽ ജോലിയിൽ ഏർപ്പെടുത്തണം എന്ന് നിർബന്ധമില്ല. അതിനെതിരെ യാതൊരുവിധ അവകാശങ്ങളും കെ.എസ്.ആർ.റ്റി.സി-യ്ക്കെതിരെ നിലനിൽക്കുന്നതല്ല.

- ജോലിക്ക് വിളിക്കുമ്പോൾ സ്ഥിരമായി ഹാജരാകാതിരിക്കുന്നവരെ സെലക്ട് ലിസ്റ്റിൽ നിന്നും നോട്ടീസ് ഇല്ലാതെ നീക്കം ചെയ്യുന്നതാണ്. അത്തരത്തിൽ നീക്കം ചെയ്യുന്നവരെ വീണ്ടും ജോലിക്ക് നിയോഗിക്കുന്നതല്ല.

- ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗാർത്ഥികൾ യഥാസമയം ജോലിക്ക് ഹാജരാകാതിരിക്കുക, ജോലിയിൽ വീഴ്ച വരുത്തുക, മേലാധികാരികളുടെ നിർദ്ദേശം പാലിക്കാതിരിക്കുക, മദ്യപിച്ച് കൊണ്ട് ജോലിക്കു ഹാജരാകുക തുടങ്ങിയ കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ജോലിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്മിനിസ്ട്രേഷൻ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: എല്ലാ വർക്ക്ഷോപ്പ് അധികാരികളും

പകർപ്പ് :- ED(T), എല്ലാ മേഖലാ അധികാരികളും / എല്ലാ യൂണിറ്റധികാരികളും, എല്ലാം ഹെഡ് ക്വാർട്ടേഴ്സ് അഡ്മിനിസ്ട്രേഷൻ ഓഫീസർമാർക്കും
Steno to CMD ഫയൽ/ കരുതൽ ഫയൽ.

*മെമ്മോറാണ്ടം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

അനുബന്ധം – II

Application for the post of Badali ADE (Auto) in KSRTC for

Special Services 2024-2025

Affix a recent Passport Size Photograph duly self-attested

| | | | |
|---|---|---|---|
| 1. | Name of the Post Applied | : | |
| 2. | District to which Applied for | : | |
| 3. | Name of the candidate as recorded in the educational certificate | : | |
| 4. | Father's Name | : | |
| 5. | Date of Birth as recorded in the educational certificate | : | |
| 6. | Age as on 31.03.2024 | : | |
| 7. | Educational and other qualifications | : | |
| 8. | Experience | : | |
| 9. | Permanent Address | : | |
| 10. | Address for communication With Mobile Number | : | |

Declaration

I ....................................................... hereby declare that the information furnished above are true to the best of my knowledge and belief. I do understand that in the event of any information being found false or incorrect before or after selection, my candidature is liable to be cancelled followed by legal action.

Name & Signature of the candidate

Place :

Date :